# വചന വിചിന്തനം : ജനുവരി 18 ഞായർ, 2009

**യോഹ. 1: 1-18**

യോഹന്നാന്റെ സുവിശേഷത്തിന്റെ ആമുഖമാണ് നാമിന്ന് വായിച്ചുകേട്ടത്. സുവിശേഷത്തിന്റെ പ്രധാനപ്രമേയങ്ങളായ, വചനം, ജീവൻ, വെളിച്ചം, സാക്ഷ്യം, മഹത്വം എന്നിവ ഈ ആമുഖഭാഗത്തുവരുന്നു.

യോഹന്നാന്റെ സുവിശേഷത്തിന്റെ ആകെപ്പാടെയുള്ള ഘടനയിൽ നിന്നും ശൈലിയിൽ നിന്നും വേറിട്ടാണ് ആമുഖഭാഗം നിലനില്ക്കുന്നത്. ഗ്രീക്ക് കവിതയുടെ ഉന്നതമായ സൗന്ദര്യം ഈ തിരുവചനഭാഗത്തിനുണ്ട്. മാത്രമല്ല, ആമുഖത്തിൽ പ്രത്യക്ഷപ്പെടുന്ന ചില ദൈവശാസ്ത്രപ്രമേയങ്ങൾ തുടർന്നുള്ള സുവിശേഷ ഭാഗത്ത് കാണുന്നില്ലതാനും. ഉദാ: കൃപ, പൂർണ്ണത, യേശുവിനെ വചനമെന്നു വിശേഷിപ്പിക്കുന്നത് തുടങ്ങിയവ.

അങ്ങനെ നോക്കുമ്പോൾ ഈ തിരുവചന ഭാഗം യോഹന്നാന്റെ സുവിശേഷം രചിക്കപ്പെടുന്നതിനും മുമ്പ് നിലനിന്നിരുന്ന ഒരു ഗ്രീക്ക് കവിതയാണെന്ന് നമുക്ക് മനസിലാവുന്നു. സുവിശേഷങ്ങളെഴുതപ്പെടും മുമ്പ് അത്തരം ധാരാളം കീർത്തനങ്ങളും കവിതകളുമുണ്ടായിരുന്നു. ലേഖനകർത്താക്കളും സുവിശേഷ രചയിതാക്കളും അവ തങ്ങളുടെ രചനകളിൽ സമൃദ്ധമായി ഉൾച്ചേർത്തിട്ടുണ്ടെന്ന് ബൈബിൾ പഠിതാക്കളുടെ സാക്ഷ്യം.

എന്തിനായിരിക്കണം യോഹന്നാൻ ക്രിസ്തുവിന്റെ സുവിശേഷം രചിച്ചപ്പോൾ ആമുഖമായി ഈ ഗ്രീക്ക് കീർത്തനം കൂട്ടിച്ചേർത്തത്?

ടയിർ, സീദോൻ, ദെക്കാപ്പോളിസ് എന്നീ അതിർത്തി പ്രദേശങ്ങളൊഴികെ ഈശോ പാലസ്തീനവിട്ട് പുറത്തുപോയിട്ടില്ല. ഈശോ ജനിച്ചത് യഹൂദവംശത്തിലാണ്. തന്മൂലം ക്രിസ്തുവിന്റെ സന്ദേശം പ്രഘോഷിക്കപ്പെട്ടത് യഹൂദന്മാരോടും യഹൂദഭാഷയിലുമാണ്. യഹൂദ ചിന്തകളുടെ ഊടിലും പാവിലുമാണ് രക്ഷാസന്ദേശം നെയ്തെടുക്കപ്പെട്ടത്.

ഈശോയുടെ മരണോത്ഥാനത്തിനുശേഷം സുവിശേഷം ജൂതമതത്തിന്റെയും ജൂതഭൂമിയുടെയും അതിരുകൾ വിടുകയും ലോകത്തിന്റെ വിശാലതകളിലേയ്ക്ക് വ്യാപിക്കുകയും ചെയ്തു. മുപ്പതുവർഷങ്ങൾ പിന്നിട്ടപ്പോഴേയ്ക്കും ഏഷ്യമൈനറും ഗ്രീസും പിന്നിട്ട് സുവിശേഷം റോമിലെത്തിയിരുന്നു. ഏ.ഡി. 60-ാടെ ഒരു യഹൂദ ക്രിസ്ത്യാനിക്ക് 10,000 വിജാതീയ ക്രിസ്ത്യാനികൾ എന്ന കണക്കിലായിരുന്നു സഭാതരുവിന്റെ വളർച്ച.

സുവിശേഷസന്ദേശം യഹൂദചിന്താധാരകളിൽ അധിഷ്ഠിതമായിരുന്നതിനാൽ വർദ്ധിച്ചുവരുന്ന ഗ്രീക്കു ക്രിസ്ത്യാനികൾക്ക് ഈ നവീന ചിന്താ സരണികൾ അപരിചിതമായി വന്നു. എണ്ണം വർദ്ധിക്കുന്നതനുസരിച്ച് സുവിശേഷം പഠിപ്പിക്കപ്പെടാനുള്ള സാധ്യതകൾ അന്നു വിരളമായിരുന്നല്ലോ. സുവിശേഷം ഗ്രീക്കു ക്രിസ്ത്യാനികളുടെ ബുദ്ധിക്കും ചിന്തക്കും പാകപ്പെടുന്ന രീതിയിൽ അവതരിപ്പിക്കുക എന്ന വിഷമമേറിയ ദൗത്യമാണ് അക്കാലത്ത് എഫേസൂസിൽ താമസിച്ചുകൊണ്ടിരുന്ന ഈശോയുടെ ശിഷ്യനായ യോഹന്നാൻ ഏറ്റെടുത്തത്. യഹൂദചിന്തയിലും ഗ്രീക്കുദർശനത്തിലും പൊതുവായ ഒരു പൈതൃകം അദ്ദേഹം കണ്ടെടുത്തു. The word - വചനം- അതിന്മേൽ അദ്ദേഹം ക്രിസ്തുവിനെ ഗ്രീക്കുകാർക്കായി പ്രഘോഷിക്കുകയും ചെയ്തു.

ഇന്നു വായിച്ചുകേട്ട വചനഭാഗത്ത് വി. യോഹന്നാൻ നാലു പ്രധാന ആശയങ്ങളാണ് അവതരിപ്പിക്കുന്നത്

1. ഈശോയ്ക്ക് പിതാവുമായുള്ള ബന്ധം

   V. 1-2, V. 18

   a) ഈശോ പിതാവിനെ വെളിപ്പെടുത്തുന്നവൻ

   b) പിതാവിനോടൊത്തുള്ളവൻ, സൃഷ്ടിക്കപ്പെടാത്തവൻ

   c) ദൈവമായിരിക്കുന്നവൻ

   d) ഏകജാതൻ, പിതാവിൽ നിന്നും വരുന്നവൻ

2. ഈശോയും ലോകവുമായുള്ള ബന്ധം

   V. 3-4, V. 17

   a) എല്ലാം അവനിലൂടെ ഉണ്ടായി - സൃഷ്ടി, രക്ഷ, വിശുദ്ധീകരണം

   b) അവനെക്കൂടാതെ ഒന്നും ഉണ്ടായിട്ടില്ല - പിതാവിന്റെ പക്കലുള്ള ഏക മദ്ധ്യസ്ഥം

   c) ജീവൻ - ''അവനിൽ ജീവനുണ്ടായിരുന്നു''. യോഹന്നാന്റെ പ്രിയ പ്രമേയം യോഹന്നാൻ സുവിശേഷകൻ 36 പ്രാവശ്യം 'ജീവൻ' എന്ന പദം സുവിശേഷത്തിൽ ആവർത്തിക്കുന്നുണ്ട്. 13 പ്രാവശ്യം ലേഖനത്തിലും 17 പ്രാവശ്യം വെളിപാടിലും.

   d) മനുഷ്യരുടെ പ്രകാശമായിരുന്നു.

   സുവിശേഷത്തിൽ 23 പ്രാവശ്യം പ്രകാശം എന്ന പ്രമേയം ആവർത്തിക്കുന്നു.

3. ലോകത്തിന്റെ ഭാഗത്തുനിന്നും വചനത്തോടുള്ള പ്രതികരണം

   **1) -Ve പ്രതികരണം** V. 5, V. 9-11

   V. 5 ഇരുട്ട് വെളിച്ചത്തെ കീഴടക്കാൻ ശ്രമിച്ചു

   V. 9-11 ലോകം അവനെ അറിഞ്ഞില്ല

   സ്വന്തജനം അവനെ സ്വീകരിച്ചില്ല

   **2) +Ve. പ്രതികരണം** V. 12-14, 16

   1. അവനെ സ്വീകരിച്ചവർക്കെല്ലാം ദൈവമക്കളാകാൻ കഴിവു ലഭിച്ചു
   2. നമ്മൾ അവന്റെ മഹത്വം ദർശിച്ചു
   3. അവന്റെ പൂർണ്ണതയിൽ നിന്നും നാം കൃപ സ്വീകരിച്ചിരിക്കുന്നു

4. വചനത്തിനുകൊടുത്ത സ്വീകാര്യതയുടെ ഫലം V. 12-13 ദൈവപുത്രത്വം

   പ്രധാന പ്രമേയങ്ങളും വിശദീകരണവും

1. ജീവൻ : ദൈവികജീവൻ
   : 36 പ്രാവശ്യം യോഹന്നാന്റെ സുവിശേഷത്തിൽ
   : ജീവനിലേയ്ക്കുള്ള വഴി = വിശ്വാസം (3/16)
   : ജീവന്റെ തത്വം (Principle) = ആത്മാവ് (6/63)
   : ജീവന്റെ പോഷണം = അപ്പം ( 6/40-53) വചനവും ദിവ്യകാരുണ്യവും)
   : ജീവൻ നശിപ്പിക്കുന്നത് = പാപം (11/25-26)

യോഹന്നാന് ജീവനെന്നാൽ യേശുവിനെയും അവനെ അയച്ച പിതാവിനെയും അറിയലാണ്.
യോഹന്നാന് അറിയുക - എന്നാൽ സ്നേഹിക്കുക, കൂട്ടായ്മയിലായിരിക്കുക എന്നീ അർത്ഥങ്ങളാണ് ഉദ്ദേശിക്കുന്നത് (Love + Communion)
യോഹന്നാന് ജീവൻ എന്നത് ബന്ധം എന്നുള്ള അർത്ഥം കൈക്കൊള്ളുന്നു (Relationship)

2. **വെളിച്ചം**
   വെളിച്ചം 23 പ്രാവശ്യം യോഹന്നാന്റെ സുവിശേഷത്തിൽ ഗ്രീക്കുപിതാക്കന്മാർ വെളിച്ചത്തെ Enlightenment, ബൗദ്ധിക പ്രകാശനം, ആത്മീയ പ്രഭ സ്വീകരിക്കൽ എന്ന അർത്ഥത്തിൽ കണ്ടു.
   ലത്തീൻ സഭാ പിതാക്കന്മാർക്ക് വെളിച്ചം എന്ന പദം വിശുദ്ധിയെ കുറിക്കുന്നു (Holiness)
   എന്നാൽ ബൈബിൾ പാരമ്പര്യങ്ങളിൽ വെളിച്ചം വെളിപാടാണ് (Revelation)
   യോഹന്നാന് വെളിച്ചം ക്രിസ്തുവാണ് (1Jn. 1,5)

3. കൃപ = (ഹെസെദ്) - ദൈവത്തിന്റെ വിശേഷണങ്ങളിലൊന്ന്
   (പുറ: 34, 6) ഹെസെദ് = ദൈവത്തിന്റെ വിശ്വസ്ത സ്നേഹം.

4. സത്യം = എമത്ത (emet)
   ദൈവത്തിന്റെ വിശ്വസ്തത

ഫാ. മാത്യു അരീപ്ലാക്കൽ